**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1267** **01-02-2024 - ൽ മറുപടിയ്ക്ക്**

**റീബിൽഡ് കേരള പദ്ധതിയിൽ ഉള്ള തിരുവനന്തപുരം-പൊൻമുടി റോഡ് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി കെ.എസ് .ടി.പി മുഖേന നടപ്പിലാക്കുന്ന തിരുവനന്തപുരം-പൊൻമുടി റോഡ് നവീകരണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | പ്രസ്തുത പ്രവൃത്തി M/s. ANTECH PRL (JV) എന്ന കരാർ കമ്പനിയ്ക്ക് 369/KSTP/PMT/PWD/2021 dtd 20.10.2021 നമ്പരായി 167.70 കോടി രൂപയ്ക്ക് എഗ്രിമെൻറ് വച്ചിട്ടുള്ളതും 08.12.2021-ൽ സൈറ്റ് കൈമാറി നൽകിയിട്ടുള്ളതുമാണ്. 28 കലുങ്കുകൾ, 15100 മീ RCC Drain, 281 മീ Retaining Wall, 1970 മീ Toe Wall, 6200 മീ Irish/Trapezoidal Drain, 5 പൈപ്പ് കലുങ്കുകൾ, 5 കലുങ്കുകളുടെ പുനരുദ്ധാരണം എന്നിവ കരാറുകാരൻ പൂർത്തിയാക്കിയിട്ടുണ്ട്. 07.12.2023ന് കാലാവധി അവസാനിച്ച ഈ പ്രവൃത്തിയുടെ ഇതുവരെയുള്ള നിർമ്മാണ പുരോഗതി 22.65% ആണ്. |
| (ബി) | പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (ബി) | പ്രവൃത്തിയുടെ പുരോഗതി കുറവാണെന്ന് കെ.എസ്.ടി.പി.യിൽ നിന്നും നിരവധി തവണ പ്രവൃത്തിയുടെ കൺസൾട്ടൻറായ M/s. SAI-ORION ന് കത്ത് നൽകുകയും കൺസൾട്ടന്റ് 30.12.2022, 06.09.2023 തീയതികളിൽ Notice to Correct കോൺട്രാക്ടർക്ക് നൽകിയിട്ടുള്ളതു മാണ്. എന്നാൽ കരാറുകാരന്റെ ഭാഗത്തുനിന്നും നിശ്ചയിച്ച പ്രവർത്തന പുരോഗതിയും ഉണ്ടായില്ല.<br><br>ഇതിനെ തുടർന്ന് പൊതുമരാമത്ത് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 11.01.2024ന് കൂടിയ യോഗത്തിൽ കരാറുകാരൻ പ്രവൃത്തി തുടരുന്നില്ലെങ്കിൽ കരാറുകാരനെ പ്രവൃത്തിയിൽ നിന്നും ടെർമിനേറ്റ് ചെയ്യാൻ നിർദ്ദേശിച്ചു. വീണ്ടും കരാറുകാരനുമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ 17.01.2024 തീയതി മുതര പ്രവൃത്തി പുനരാരംഭിച്ചിട്ടുണ്ടെന്ന് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | | km 12.450 മുതൽ km 12.600 വരെ GSB പ്രവൃത്തികളും km 7+066 മുതൽ km 7+0866 (LHS) ഡ്രെയിൻ പ്രവൃത്തികളും പുരോഗമിച്ചു വരുന്നു. km 7+066 മുതൽ 7+086 (LHS) വരെ Drain raft concreting ചെയ്തിട്ടുണ്ട്.<br><br>ഒരുമാസത്തെ പുരോഗതി വിലയിരുത്തി പ്രവൃത്തി തൃപ്തികരം അല്ലെങ്കിൽ കോൺട്രാക്ട് വ്യവസ്ഥ പ്രകാരം കരാറുകാരനെ ടെർമിനേറ്റ് ചെയ്യുന്നതിനുള്ള കടുത്ത നടപടികൾ സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.<br>**സെക്ഷൻ ഓഫീസ** |

സെക്ഷൻ ഓഫീസർ